**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4621** **19-07-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ ഏനാമാക്കൽ അപ്രോച്ച് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ റോഡിന്റെ അപ്രോച്ച് റോഡ് ഒരു കിലോമീറ്റർ ദൂരത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ളതാണോയെന്ന് അറിയിക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന്റെ 780 മീറ്റർ നീളം ജലവിഭവ വകുപ്പിന്റെ കീഴിലുള്ളതാണ്. |
| (ബി) | അമൃത് പദ്ധതിക്കായുള്ള പൈപ്പിടലും കാലവർഷക്കെടുതിയും മൂലം തകർന്ന പ്രസ്തുത റോഡിലൂടെ വാഹനങ്ങൾക്കും കാൽനടക്കാർക്കും കടന്നുപോകുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയതെന്നാണെന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയത് 2017- ലാണ്. |
| (ഡി) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ തകർന്ന ഈ ഭാഗം ഗതാഗത യോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ ഏനാമാക്കൽ റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന്റെ 780 മീറ്റർ നീളം ഗതാഗത യോഗ്യമാക്കുന്ന പ്രവൃത്തിയ്ക്കായി ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. എന്നാൽ റോഡ് അറ്റകുറ്റപണികൾ നടത്തുമ്പോൾ ഉപയോഗിക്കുന്ന പേവർ, വൈബ്രേറ്ററി റോളർ എന്നിവയുടെ ഉപയോഗം മൂലം റെഗുലേറ്ററിനോ സ്ട്രക്ചറിനോ കേട്ടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ സ്ട്രചറൽ സ്റ്റെബിലിറ്റി ഉറപ്പാക്കേണ്ടതുണ്ട്. ആയതിനുവേണ്ട നടപടികൾ സ്വീകരിച്ച് വരികയാണ്. പ്രസ്തുത നടപടി ക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അപ്രോച്ച് റോഡിന്റെ തകർന്ന ഭാഗം ഗതാഗത യോഗ്യമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ